"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീമതി.ഷജിന അരിങ്ങളയാന്റെ ചികിത്സയ്ക്ക് കണ്ണൂർ എ.കെ.ജി.മെമ്മോറിയൽ സഹകരണ ആശുപത്രിയിലും, കണ്ണൂർ കൊയിലി ആശുപത്രിയിലും ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പൂർവ്വകാല അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.3020/2022/LSGD തീയതി,തിരുവനന്തപുരം, 05-12-2022

പരാമർശം:-

1. 11/07/2012 ലെ 24623/G2/2012/H&FWD നമ്പർ സർക്കുലർ.
2. G.O.(P)No..10/2016/H&FWD തീയതി 21.01.2016.
3. ശ്രീമതി.ഷജിന അരിങ്ങളയാന്റെ 23.04.2021-ലെ അപേക്ഷയും ബില്ലുകളും.
4. പഞ്ചായത്ത് ഡയറക്ടറുടെ 26.05.2022,22.10.2022 എന്നീ തീയതികളിലെ PAN/7172/2022- F2(DP)നമ്പർ കത്ത്.
5. ജില്ലാ മെഡിക്കൽ ഓഫീസറുടെ 06.04.2022-ലെ സി4- 2487/ 2022 നം.കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീമതി.ഷജിന അരിങ്ങളയാന്റെ ചികിത്സയ്ക്ക് കണ്ണൂർ എ.കെ.ജി.മെമ്മോറിയൽ സഹകരണ ആശുപത്രിയിലും, കണ്ണൂർ കൊയിലി ആശുപത്രിയിലും നേരിട്ട ചികിത്സാ ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർ ശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ പ്രത്യേക അനുമതിക്കായി പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസറുടെ പരാമർ ശം (5) ലെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷകന് നേരിട്ട ചികിൽസാ ചെലവിൽ 31,652/- രൂപയുടെ 80% ആയ 25,322/-(ഇരുപത്തി അയ്യായിരത്തി മൂന്നൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) രൂപ അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തു.

മേൽ തുക കല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (5) പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ആഫീസിലെ ക്ലാർക്ക് ശ്രീമതി.ഷജിന അരിങ്ങളയാന്റെ ചികിത്സയ്ക്ക് കണ്ണൂർ എ.കെ.ജി.മെമ്മോറിയൽ സഹകരണ ആശുപത്രിയിലും, കണ്ണൂർ കൊയിലി ആശുപത്രിയിലും ചികിൽസ നടത്തിയ നടപടി ഒരു പ്രത്യേക കേസായി പരിഗണിച്ച് നിലവിലെ KGSMA Rules, 1960 ചട്ടങ്ങൾ പ്രകാരം 24.09.2021 മുതൽ 26.09.2021 വരെയും,08.10.2021 മുതൽ 12.10.2021 വരെയുള്ള പ്രസ്തുത ചികിത്സയ്ക്ക് ചെലവായ തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുവദനീയമെന്ന് അറിയിച്ചിരുന്ന തുകയായ 31,652/- രൂപയുടെ 80% ആയ 25,322/-(ഇരുപത്തി അയ്യായിരത്തി മൂന്നൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, കല്യാശ്ശേരി പ്രതിപൂരണം ചെയ്തു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാര്യലയം, കണ്ണൂർ (പഞ്ചായത്ത് ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എൽ ബി എ), കേരള ബ്രാഞ്ച് ഓഫീസ്, തൃശ്ശൂർ.

ശ്രീമതി.ഷജിന അരിങ്ങളയാൻ, ക്ലാർക്ക്,കല്യാശ്ശേരി ഗ്രാമപഞ്ചായത്ത് ,കണ്ണൂർ. (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(No.162/EPA3/2022/LSGD).

ഉത്തരവിൻ പ്രകാരം

**Signed by Danuja M S**
**Date: 06-12-2022 10:52:14**
സെക്ഷൻ ഓഫീസർ